ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.08.2025**

## പ്രധാനവാർത്തകൾ

1. ബിഹാർ വോട്ടർ പട്ടിക പരിഷ്ക്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ വാർത്താസമ്മേളനം നാളെ ന്യൂഡൽഹിയിൽ.

2. സംസ്ഥാനത്ത് പാലം നിർമ്മാണത്തിലെ സാങ്കേതിക നടപടിക്രമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് പഠിക്കാൻ സർക്കാർ, വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു.

3. കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. 5 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. ഡാമുകളിലും നദികളിലും ജലനിരപ്പ് ഉയരുന്നു.

4. സമൃദ്ധിയുടെ പൊന്നിൻ ചിങ്ങത്തെ വരവേൽക്കാൻ ഒരുങ്ങി മലയാളികൾ. ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു.

5. സംസ്ഥാനത്ത് ഓണം പ്രമാണിച്ച് എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യ കിറ്റ് നൽകുമെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത വാസ്തവ വിരുദ്ധമെന്ന് ഭക്ഷ്യ വകുപ്പ്.

&&&&&&&&&&&&&&&&&&

RNU TVM

## തിരഞ്ഞെടുപ്പ് കമ്മീഷൻ

ബിഹാർ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിൻറെ വാർത്താസമ്മേളനം നാളെ നടക്കും. ഈ വിഷയത്തിൽ കമ്മീഷൻ നടത്തുന്ന ആദ്യ വാർത്താ സമ്മേളനമാണ് ഇത്. ന്യൂഡൽഹിയിലെ നാഷണൽ മീഡിയ സെൻ്ററിൽ ഉച്ചകഴിഞ്ഞ് 3 മണിക്കാണ് വാർത്താസമ്മേളനം. കർണാടകയിലെ മഹാദേവപുര മണ്ഡലത്തിൽ വോട്ടർ പട്ടികയിൽ ക്രമക്കേടുകൾ ആരോപിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച ചോദ്യങ്ങൾക്കും മറുപടി നൽകുമെന്നാണ് സൂചന.

&&&&&&&&&&&&&&&&&

## വിദഗ്ദ്ധ സമിതി - മുഹമ്മദ് റിയാസ്

സംസ്ഥാനത്ത് പാലം നിർമ്മാണ പ്രവൃത്തികളിലെ സാങ്കേതിക നടപടിക്രമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചു. മന്ത്രി പി.എ.മുഹമ്മദ് റിയാസിൻ്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് ഈ തീരുമാനം കൈകൊണ്ടത്. ഐഐടി, എൻഐടി തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാകും പ്രത്യേക സമിതി രൂപീകരിക്കുക. സമിതി സമയബന്ധിതമായി റിപ്പോർട്ട് നൽകുന്നുവെന്ന് ഉറപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെയും മറ്റന്നാളും ഓറഞ്ച് ജാഗ്രത തുടരും. ഇടുക്കി മൂന്നാർ

ഗ്യാപ് റോഡ് വഴിയുള്ള രാത്രികാല ഗതാഗതം ഇന്നും നാളെയും നിരോധിച്ചു. കേരള തീരത്ത് നാളെ വരെയും ലക്ഷദ്വീപ് തീരത്ത് മറ്റന്നാൾ വരെയും കർണാടക തീരത്ത് ഈ മാസം 19 വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&

ജാഗ്രത -കെ.എസ്.ഇ.ബി.

കാറ്റും മഴയും ശക്തമായതിനാൽ മരക്കൊമ്പുകൾ വീണോ മറ്റോ വൈദ്യുതിക്കമ്പികൾ പൊട്ടിക്കിടക്കാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കെ.എസ്.ഇ.ബി. ഇത്തരത്തിൽ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിലോ 94 96 01 01 01 എന്ന നമ്പരിലോ വിവരം അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&

നദി - മഞ്ഞ അലേർട്ട്

അപകടകരമായ രീതിയിൽ ജലനിരപ്പ് ഉയരുന്നതിനാൽ വാമനപുരം, അച്ചൻകോവിൽ, ഭാരതപുഴ, ചാലക്കുടി എന്നീ നദികളിൽ സംസ്ഥാന ജലസേചന വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദികളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കേണമെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&

അമീബിക് മസ്തിഷ്ക ജ്വരം (ഇൻട്രോ)

കോഴിക്കോട് താമരശ്ശേരിയിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ നിയന്ത്രണം ശക്തമാക്കി ആരോഗ്യ വകുപ്പ്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു....**

**(വോയിസ്)**

&&&&&&&&&&&&&&&&&

## വോട്ടർ പട്ടിക

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൻറെ അന്തിമ വോട്ടർ പട്ടിക ഈ മാസം 30 - ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പ്രസിദ്ധീകരണം വരേയുള്ള എല്ലാ അവധി ദിവസങ്ങളിലും എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസുകൾ തുറന്ന് പ്രവൃത്തിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദേശം നൽകി.

&&&&&&&&&&&&&&&&&

## സൗജന്യ ഭക്ഷ്യ കിറ്റ്

ഓണത്തോടനുബന്ധിച്ച് എല്ലാ എ.എ.വൈ റേഷൻ കാർഡുടമകൾക്ക് ഈ മാസം 26 മുതൽ ഭക്ഷ്യ കിറ്റ് സൗജന്യമായി വിതരണം ചെയ്യും. എ.എ.വൈ വിഭാഗക്കാർക്ക് മാത്രമായിരിക്കും സൗജന്യ കിറ്റ് നൽകുന്നത്. എല്ലാ വിഭാഗം കാർഡുകൾക്കും സൗജന്യ ഭക്ഷ്യകിറ്റ് നൽകും എന്ന തരത്തിൽ സമൂഹ മാധ്യമങ്ങൾ വഴി പ്രചരിക്കുന്ന വാർത്ത വാസ്തവ വിരുദ്ധമാണെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&

## ഓണാഘോഷം-കണ്ണൂർ (ഇൻട്രോ)

ഓണാഘോഷത്തോടനുബന്ധിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ കണ്ണൂർ തളിപ്പറമ്പ് മണ്ഡലത്തിൽ ഓണശ്രീ വില്ലേജ് ഫെസ്റ്റ് നടത്തും. ഒമ്പത് കേന്ദ്രങ്ങളിലാണ് വില്ലേജ് ഫെസ്റ്റ് സംഘടിപ്പിക്കുക.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ**
**(വോയിസ്)**

&&&&&&&&&&&&&&&&&

## സപ്ലൈകോ-ഹാപ്പി ഹവേഴ്സ്

ഓണം പ്രമാണിച്ച് സപ്ലൈകോ ഔട്ട് ലെറ്റുകളിൽ ഹാപ്പി ഹവേഴ്സിന് തുടക്കമായി. ഉച്ചയ്ക്ക് രണ്ട് മുതൽ നാല് വരെ

RNU TVPM

സപ്ലൈകോ വില്പനശാലയിലെത്തുന്ന ഉപഭോക്താക്കൾക്ക് തെരഞ്ഞെടുത്ത ഉത്പന്നങ്ങൾക്ക് 10 ശതമാനം അധിക ഡിസ്കൗണ്ട് നൽകുന്നതാണ് പദ്ധതി. ഈ മാസം 24 വരെയാണ് ഹാപ്പി ഹവേഴ്സ്.

&&&&&&&&&&&&&&&&&

## ദേശീയ ഗുണനിലവാര അംഗീകാരം- വീണാ ജോ ർജ്

സംസ്ഥാനത്തെ 5 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇതോടെ ഗുണനിലവാര അംഗീകാരം ലഭിച്ച ആരോഗ്യ സ്ഥാപനങ്ങളുടെ എണ്ണം 253 ആയി. ഈ അംഗീകാരത്തിന് മൂന്ന് വർഷത്തെ കാലാവധിയാണ് ഉള്ളത്. അംഗീകാരം ലഭിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് വാർഷിക ഇൻസെന്റീവിനുള്ള അർഹത ലഭിക്കും.

&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&

## ചിങ്ങം

പുത്തൻ പ്രതീക്ഷകളുമായി നാളെ പൊന്നിൻ ചിങ്ങം. കർക്കടകത്തിൻറെ വറുതികൾക്ക് ശേഷം സമ്പൽസമൃദ്ധിയുടേയും പ്രതീക്ഷയുടേയും കാലമാണ് മലയാളികൾക്ക് ചിങ്ങമാസം. നാളെ കർഷക ദിനം കൂടിയാണ്. ഈ മാസം 26 നാണ് അത്തം.

&&&&&&&&&&&&&&&&&

BINU TVPM

ശബരിമല (ഇൻട്രോ)

ചിങ്ങമാസ പൂജകൾക്കായി ശബരിമല നട തുറന്നു. ശബരിമല കീഴ്ശാന്തി നറുക്കെടുപ്പ്, പമ്പ ഗണപതിക്ഷേത്രം മേൽശാന്തി നെറുക്കെടുപ്പ് എന്നിവ നാളെ നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി.എസ്. ശ്രീധർ.....**

(വോയിസ്)

&&&&&&&&&&&&&&&&&

അയ്യപ്പസംഗമം

ആഗോള അയ്യപ്പ സംഗമം അടുത്ത മാസം 20- ന് പമ്പ തീരത്ത് സംഘടിപ്പിക്കുമെന്ന് മന്ത്രി വി എൻ വാസവൻ. വിവിധ രാജ്യങ്ങളിൽ നിന്നായി 3,000 പ്രതിനിധികൾ പങ്കെടുക്കും. സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും സംയുക്തമായാണ് സംഗമം ഒരുക്കുന്നത്.

&&&&&&&&&&&&&&&&&

ബഡ്സ് സ്കൂൾ - കോട്ടയം (ഇൻട്രോ)

കോട്ടയം ജില്ലയിൽ ആറ് ബഡ്സ് സ്കൂളുകൾ കൂടി പ്രവർത്തനമാരംഭിക്കുന്നു. കുടുംബശ്രീയുടെ സാമൂഹിക പ്രവർത്തനങ്ങളിൽ ഒന്നാണ് ബാല വികാസ് അർബൻ ഡെവലപ്മെൻറ് സൊസൈറ്റിയെന്ന ബഡ്സ് സ്കൂളുകൾ.

**വിശദാംശങ്ങളിലേക്ക്.......**

(വോയ്സ്)

&&&&&&&&&&&&&&&&&

കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗിന്റെ രണ്ടാം പതിപ്പിന് മുന്നോടിയായുള്ള ടീമുകളുടെ ഔദ്യോഗിക ലോഞ്ച് തിരുവനന്തപുരത്ത് നടന്നു. ആറ് ടീമുകളാണ് ഇത്തവണ കേരള ക്രിക്കറ്റ് ലീഗിൽ മത്സരിക്കുന്നത്. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന വർണാഭമായ ചടങ്ങിൽകെ.സി.എൽ ഭാഗ്യചിഹ്നങ്ങളുടെ പ്രഖ്യാപനവും, സംഗീത നിശയും അരങ്ങേറി.

RNU TVPM

&&&&&&&&&&&&&&&&&

ജി എസ് റ്റി - ഷൈജുമോൻ (ഇൻട്രോ)

സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരാമർശിച്ച ജി എസ് ടി പരിഷ്കരണ നിർദ്ദേശത്തെ കുറിച്ച് സാമ്പത്തിക വിദഗ്ധൻ ഷൈജുമോൻ സി എസ് ആകാശവാണി വാർത്തകളോട് പ്രതികരിക്കുന്നു....

(ഫോൺ ഇൻ)

&&&&&&&&&&&&&&&&&

മന്ത്രി കെ രാജൻ

എല്ലാ കുടുംബങ്ങൾക്കും ഭൂമി എന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാന സർക്കാർ അടുക്കുകയാണെന്ന് മന്ത്രി കെ രാജൻ. കണ്ണൂരിലെ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ സംഘടിപ്പിച്ച പട്ടയ മേള ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോടെ ഭൂമി സംബന്ധിച്ച ഒരു തർക്കവും സംസ്ഥാനത്തെവിടെയും ഉണ്ടാകില്ലെന്നും മന്ത്രി അറിയിച്ചു. ചടങ്ങിൽ 244 പേർക്ക് പട്ടയം വിതരണം ചെയ്തു.

&&&&&&&&&&&&&&&&&

മുഖ്യമന്ത്രി - ഉദ്ഘാടനം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സംസ്ഥാനത്ത് പുതിയതായി നടപ്പിലാക്കുന്ന സർവേകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 25 ന് തിരുവനന്തപുരത്ത് നിർവഹിക്കും. ഇതിലൂടെ യുവാക്കൾക്കും തൊഴിലന്വേഷകർക്കും സഹായകമാകുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് സർക്കാരിന് സാധിക്കും. തൊഴിൽ മേഖലകൾ, മനുഷ്യ വിഭവശേഷി, തൊഴിൽസേന എന്നിവയെ സംബന്ധിച്ച് നിർണ്ണായക സ്ഥിതിവിവരക്കണക്കുകൾ സർവേയിലൂടെ ലഭ്യമാകും.

&&&&&&&&&&&&&&&&&

RNU TVPM